(ഇ) വാഹനങ്ങൾ വിട്ടുകൊടുത്തതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം കുറ്റങ്ങളാണ് കണ്ടെത്തിയിട്ടുള്ളത് ;

(എഫ്) ആർക്കെങ്കിലുമെതിരെ വിജിലൻസ് കേസ്സെടുത്തിട്ടുണ്ടോ ;

(ജി) ഇക്കാര്യത്തിൽ ഹൈക്കോടതി മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി വാഹനങ്ങൾ വിട്ടുകൊടുക്കാൻ ഇടയാവുംവിധം പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും സർക്കാരിന് ലഭിക്കേണ്ട തുക വസൂലാക്കാനും നടപടി സ്വീകരിക്കുമോ ;

(എച്ച്) കാസർഗോട് ജില്ലയിലെ ക്രമസമാധാന പ്രശ്നങ്ങൾക്ക് മുഖ്യകാരണം മണൽ മാഫിയയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1154 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 1154 ലോറികൾ പിടിച്ചെടുത്തിട്ടുണ്ട്.

(സി) 858 വാഹനങ്ങൾ വിട്ടുകൊടുത്തിട്ടുണ്ട്.

(ഡി) അതെ

(ഇ & എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് ശക്തിപ്പെടുത്താൻ നടപടി**

324 (338) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയ്ക്കായി നിലവിൽ എത്ര വാഹനങ്ങൾ ഉണ്ട് ; പുതിയവ വാങ്ങുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ;

(ബി) വാഹനങ്ങൾക്കാനുപാതികമായി ഡ്രൈവർ തസ്തികകളും, മറ്റ് സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥരുടെ തസ്തികകളും നിലവിലുണ്ടോ ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പോലീസ് സേനയിലെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ ഡ്രൈവർ, മറ്റ് സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ പുതിയ തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിൽ നിലവിൽ 5849 (ബോട്ടുകൾ ഉൾപ്പെടെ) വിവിധതരം വാഹനങ്ങൾ ഉണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 26,27,50,000 രൂപ (ഇരുപത്തിയാറ് കോടി ഇരുപത്തിയേഴുലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) വാഹനങ്ങൾക്കാനുപാതികമായി ഡ്രൈവർ തസ്തികകളും മറ്റ് സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥരും നിലവിലില്ല. സംസ്ഥാന പോലീസ് സേനയിലെ മോട്ടോർ വാഹന വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇപ്പോൾ പരിഗണനയിലില്ല.

കായംകുളം പോലീസ് സ്റ്റേഷന് സമീപം റോഡുകളിലെ ഗതാഗതക്കുരുക്ക്

325 (339) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം പോലീസ് സ്റ്റേഷന്റെ കിഴക്കുവശത്ത് കായംകുളം-തിരുവല്ല റോഡിൽ പോലീസ് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കുന്നതിനാൽ കെ.പി. റോഡിലും കായംകുളം തിരുവല്ല റോഡിലും വലിയ ഗതാഗതക്കുരുക്കുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) തിരക്കേറിയ ഈ ഭാഗത്ത് സ്ഥിരമായി ഹെൽമറ്റ് പരിശോധന നടത്തുന്നത് വലിയ അപകടത്തിനു കാരണമാകും എന്നുള്ളതിനാൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ കഴിയുന്നതും വേഗം ഡിസ്പോസ് ചെയ്യാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(സി) തിരക്കേറിയ ഭാഗങ്ങളിൽവച്ച് ഹെൽമറ്റ് പരിശോധന പരമാവധി ഒഴിവാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അഭിഭാഷകനെ മർദ്ദിച്ച സംഭവം

326 (340) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിലെ പ്രമുഖ അഭിഭാഷകനും കൊയിലാണ്ടി ബാർ അസോസിയേഷൻ മുൻ പ്രസിഡന്റുമായ അഡ്വ. കെ. ടി. ശ്രീനിവാസനെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.